ശ്രീ. യു. നീലകണ്ഠൻ : കഴിഞ്ഞ സെഷനിൽ ഞാൻ ഈ ചോദ്യം ചോദിച്ചിട്ടുണ്ടായിരുന്നു. അന്നും ഇവിടെ പറഞ്ഞതു് ഉത്തരം തയ്യാറായിട്ടില്ല എന്നാണു്. അങ്ങിനെ ചോദ്യങ്ങൾക്കു് ശരിയായ മറുപടി തരാത്തതുകൊണ്ടു് ജനങ്ങളുടെ ഉത്സാഹം കുറയുന്നതിനു് ഇടയുണ്ടു്. അതുകൊണ്ടു് ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം നൽകുന്നതിനു് ഏർപ്പാടുചെയ്യണമെന്നു് എനിക്കു് അഭ്യർത്ഥനയുണ്ടു്.

മി. സ്പീക്കർ : ശരിയായ ഉത്തരം തരുന്നില്ലെങ്കിൽ കിട്ടുന്ന ഉത്തരം വച്ചുകൊണ്ടു് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനും അതേ സംബന്ധിച്ചു വിമർശനം നടത്തുന്നതിനും ഒരു അവസരം ഉണ്ടാക്കുന്നതിനുള്ള പ്രൊവിഷൻസു് റൂൾസ്സിലുണ്ടു്.

യൂണിസെഫിൽനിന്നും നൽകുന്ന അരിയും പാലും.

* 324. [19] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുദ്യോഗസ്ഥന്മാരോ അവർ എതെങ്കിലും കമ്മിറ്റിയുടെ ഔദ്യോഗിക ഭാരവാഹികളോ നടത്തുന്ന ഏതു സ്ഥാപനങ്ങളുടെ പേരിൽ യൂണിസെഫിൽനിന്നും അരിയും പാലും നൽകുന്നുണ്ടു്;

(ബി) അതിൽ വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെന്തു നടപടി സ്വീകരിച്ചു;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു് എന്നു പറയുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറുവക സ്ഥാപനങ്ങളായ രാമവർമ്മപുരം, പള്ളുരുത്തി, പൊന്നുരുന്നി എന്നീ റിലീഫ്സെൻററുകളുടെ ചുമതലയിൽ അരി പാകം ചെയ്തു് വിതരണം നടത്തുന്നുണ്ടു്. കൂടാതെ ചില സക്കാർ പ്രൈമറി സ്കൂളുകളിലും കോളേജുകളിലുമുള്ള സോഷ്യൽ സർവ്വീസു് ലീഗുകളും മുഖേനയും വിതരണം ചെയ്യുന്നുണ്ടു്. ഈ വിതരണങ്ങളുടെ ചുമതല വഹിക്കുന്നതു് അതാതു സ്ഥാപനങ്ങളുടെ അധികൃതരാണു്. അവർ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരുമാണു്.

(ബി) ഉണ്ടായിട്ടുണ്ടു്.

(സി) നടപടികളും സ്വീകരിച്ചിട്ടുണ്ടു്. അന്വേഷണത്തിൽ ആരോപണം ശരിയല്ലെന്നു മനസ്സിലായി.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ : യൂണിസെഫിൽനിന്നും മേലാൽ അരികിട്ടാൻ സാദ്ധ്യതയുണ്ടോ ?

ശ്രീ. എ. എ. റഹിം : മേലാൽ കിട്ടാൻ സാദ്ധ്യതയില്ല.

ശ്രീ. എം. വി. ചെറിയാൻ : എന്തുകൊണ്ടാണു് അവർ അരിയും പാലും തുടർന്നു തരികയില്ലാ എന്നു പറഞ്ഞതു് ?

ശ്രീ. എ. എ. റഹിം : ഇവിടെ മുമ്പുണ്ടായിരുന്നതുപോലെ ക്ഷാമം ഇപ്പോൾ ഇല്ലെന്നും ഇവിടത്തെ സ്ഥിതി അല്ലാം ഭേദമായിട്ടുണ്ടെന്നും

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ട് മേലാൽ അയച്ചുതരാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. വി. ചെറിയാൻ : ഇൻഡ്യയിലൊട്ടാകെ വന്നിട്ടുള്ള നിലയല്ലെ അത് ? എന്നാൽ ഇവിടത്തെ സ്ഥിതി അതല്ലെന്ന് അവരെ അറിയിച്ചിട്ടില്ലേ?

ശ്രീ. എ. എ. റഹിം : ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി പരിഗണിക്കണമെന്ന് ഈ ഗവണ്മെൻറ് അവർക്കെഴുതിയിട്ടുണ്ട്.

ശ്രീ. എം. വി. ചെറിയാൻ : അതിന് അവരുടെ മറുപടിയെന്താണ്?

ശ്രീ. എ. എ. റഹിം : അത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല. അതിലേക്ക് അയച്ച എഴുത്തിന്റെ മറുപടി വരാൻ സമയമായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഇവിടെ ക്ഷാമം ഉണ്ടെന്നാണോ മന്ത്രി പറയുന്നത് ?

ശ്രീ. എ. എ. റഹിം : ഇവിടെ കടലോരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകം പരിഗണിക്കണമെന്നാണ് അറിയിച്ചിട്ടുള്ളത്.

ശ്രീ. പി. നാരായണൻ പോറ്റി : ഈ യൂണിസെഫിൽനിന്നും ലഭിച്ച അരിയും പാൽപ്പൊടിയും അപഹരിച്ചതിനു് എതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ പേരിൽ പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉദ്യോഗസ്ഥന്മാർ അതിൽ ബന്ധപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. നാരായണൻ പോറ്റി : ഉദ്യോഗസ്ഥന്മാർ അരിയും പാൽപൊടിയും അപഹരിച്ചു് വിപ്പന നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. അബ്ദുഖാദർ : യൂനിസെഫിൽനിന്നും ലഭിച്ചതായ പാൽപ്പൊടി എറണാകുളം ജനറലാശുപത്രിയിൽ ശേഖരിച്ചു വച്ചിരിക്കുന്നതു് നാശപ്പെട്ടുപോകുന്നതായി പത്രങ്ങളിൽ വായിച്ചതു് ശരിയാണോ?

ശ്രീ. എ. എ. റഹിം : എറണാകുളം ആശുപത്രിയിൽ ശേഖരിച്ചിട്ടുണ്ട്.

ശ്രീ. സി. കൊച്ചുകുഞ്ഞു് : ഈ അരിയും പാൽപ്പൊടിയും ഹരിജനകോളനികളിൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

ശ്രീ. എം. വി. ചെറിയാൻ : പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽനിന്നും ഏതു സ്ഥാപനങ്ങൾക്കു് ഇങ്ങനെ കൊടുക്കുന്നുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. റഹിം : വളരെ ഏറെ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. സി. കൊച്ചുകുഞ്ഞു് : സംസ്ഥാനത്തു് ഏത്ര ഹരിജനങ്ങളുടെ കൂടിൽ കൊടുക്കുന്നുണ്ടു് ?

ശ്രീ. എ. എ. റഹിം : അതിന്റെ വിവരങ്ങൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുക്കുന്നതല്ലാതെ വേറെ ഏതെങ്കിലും സ്ഥാപനങ്ങൾ അരിയും പാൽപൊടിയും മറ്റും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : റെഡ്ക്രാസുകാർ വിതരണം നടത്തുന്നുണ്ട്

ശ്രീ. എൻ. പരമേശ്വരൻപിള്ള : അതു സംബന്ധിച്ചു് ഈ ഗവണ്മെന്റിനു് ഏതെങ്കിലും നിയന്ത്രണം ഉണ്ടോ ?

ശ്രീ. എ. എ. റഹിം : യാതൊരു നിയന്ത്രണവും ഇല്ല.

ശ്രീ. പി. വി. അവിരാതരകൻ : സ്കൂളുകളിൽ ഈ അരിയും പാൽപൊടിയും വിതരണം നടത്തുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : അവക്കും ഇതു കൊടുത്തുവരുന്നുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : അതു മുഴുവൻ സ്വാപ്പിടുന്നതു് അവിടത്തെ ഹെഡ്മാസ്റ്റന്മാരാണെന്നു പരാതികളും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : പരാതികളും കുന്നും ലഭിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : അരിയും പാൽപൊടിയും തുടർന്നു ലഭിക്കാൻ വേണ്ട നടപടികളും എടുക്കാൻ ആലോചിക്കുമോ ?

ശ്രീ. എ. എ. റഹിം : അതു സംബന്ധിച്ചു് എഴുത്തുകുത്തുകളും നടത്തുന്നു.

കയർ മിനിമം വേജസ് നിയമം.

* 325. [21] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മിനിമം വേജസ് നിയമം നടപ്പിലാക്കിയതു എന്നു്, ഇതിനകം മിനിമം വേജസ് നൽകുന്നില്ല എന്ന എത്ര പരാതി തൊഴിലാളികളിൽനിന്നും ഡിപ്പാർട്ടുമെന്റിനു ലഭിച്ചു, അതിന്മേൽ എന്തു നടപടി നടത്തി;

(ബി) മിനിമംവേജസ് നിയമം അനുസരിച്ചുള്ള റിക്കാർഡുകളും കയർ ഉല്പാദകർ സൂക്ഷിക്കുന്നതായി പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ സൂക്ഷിക്കാത്ത ഉല്പാദകരുടെ മേൽ ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?;

(സി) മിനിമംവേജസ് നിയമം നടപ്പിലാക്കാത്ത ഏതെങ്കിലും മുതലാളിമാരുടെ പേരിൽ ഇതേവരെയായി നടപടി എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly